## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1288 11.06.2019-ൽ മറുപടി നൽകേണ്ടത്.

### തമിഴ്/കന്നഡ മീഡിയം സ്കൂളുകളിലെ അദ്ധ്യാപകനിയമനം

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തമിഴ്/കന്നഡ ഭാഷാന്യൂനപക്ഷങ്ങൾക്കായുള്ള തമിഴ്/കന്നഡ മീഡിയം സ്കൂളുകളിലെ അദ്ധ്യാപകതസ്തികയിലെ നിയമനം പി.എസ്.സി. മുഖേന നടത്തുമ്പോൾ പ്രസ്തുത ഭാഷ കൈകാര്യം ചെയ്യാൻ അറിയാത്തവർക്ക് നിയമനം ലഭിക്കുന്നുവെന്ന വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഇക്കാര്യത്തിൽ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | തമിഴ്/കന്നഡ ഭാഷ അറിയാത്ത അദ്ധ്യാപകർ ഇത്തരം സ്കൂളുകളിൽ ശാസ്ത്രസാമൂഹികവിഷയങ്ങൾ പഠിപ്പിക്കുന്നത് ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | തമിഴ്/കന്നഡ മീഡിയം ഹൈസ്കൂളുകളിൽ പി.എസ്.സി മുഖാന്തിരം നിയമിതരായവരും എന്നാൽ തമിഴ്/കന്നഡ ഭാഷ കൈകാര്യം ചെയ്യുവാൻ മതിയായ പരിജ്ഞാനമില്ലാത്തവരുമായ അദ്ധ്യാപകരെ കണ്ടെത്തി ട്രെയിനിംഗ് /ഓറിയന്റേഷൻ ക്ലാസുകൾ നൽകി അദ്ധ്യാപനത്തിന് പ്രാപ്തരാക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. കൂടാതെ തമിഴ്/കന്നട മീഡിയം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള യോഗ്യതയിൽ 30.09.2016-ലെ സ.ഉ (പി) നം.166/2016/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം ചുവടെ പറയുന്ന ഭേദഗതി വരുത്തിയിട്ടുണ്ട്.<br>Candidates should have the following qualifications along with the B.Ed Degree in the concerned subject conferred or recognised by the Universities in Kerala;<br>1. A Pass in SSLC/Plus Two/Pre - Degree with Kannada/Tamil as I or II Language. |
| (സി) | ആയതിന് പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | OR<br>2. A Pass in Degree or Post Graduation in Kannada/Tamil Language.<br>OR<br>3. In the absence of the qualification referred in (1) & (2) above, its equivalent shall also be considered.<br>ടി യോഗ്യത അടിസ്ഥാനമാക്കി പി.എസ്.സി നിയമനം നടത്തുന്ന മുറയ്ക്ക് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ